**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 156** **23-08-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ ഫയർ സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിലവിൽ ആലത്തൂർ ഫയർ സ്റ്റേഷൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ കണക്കിലെടുത്ത് പുതിയ കെട്ടിടത്തിന്റെ പണി തീരുംവരെ വാടക കെട്ടിടത്തിലേക്ക് മാറാനുള്ള നടപടികൾ എത്രത്തോളമായി എന്ന് വിശദീകരിക്കാമോ; | (എ) | ആലത്തൂർ ഫയർ സ്റ്റേഷന്റെ പ്രവർത്തനം മാറ്റുന്നതിന് എരിമയൂർ-2 വില്ലേജിൽ കുനിശ്ശേരി എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പ്രഭാ തീയേറ്റർ കെട്ടിടം അനുയോജ്യമാണെന്ന് കണ്ടെത്തിയതിനാൽ ആയത് വാടകയ്ക്ക് എടുക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ച് വരുന്നു. |
| (ബി) | ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ പ്ലാനിൽ കണ്ടെത്തിയ അപാകതകൾ പരിഹരിച്ചുവോ; വിശദമാക്കാമോ; | (ബി) | പ്ലാൻ റിവൈസ് ചെയ്യുന്നതിന് വകുപ്പ് തലത്തിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. പുതുക്കിയ പ്ലാൻ ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| (സി) | ഫയർസ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കാമോ? | (സി) | പുതുക്കിയ പ്ലാൻ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിന് സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ